(ബി) കേര കർഷകർക്ക് ഗുണമുണ്ടാകത്തക്ക രീതിയിൽ നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ നാളികേര ബോർഡിന്റെ ഏതെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. കിലോയ്ക്ക് 25 രൂപ നിരക്കിലാണ് ഇപ്പോൾ നാളികേരം സംഭരിക്കുന്നത്.

(ബി) ഉണ്ട്. നാളികേരത്തിന്റെ ഉത്പാദന ചെലവിനനുസരിച്ച് കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കുന്നതിനും താങ്ങുവിലയിൽ താഴെ കമ്പോള വിലയെത്തിയാൽ സംഭരണം ആരംഭിക്കുന്നതിനും നാളികേര വികസന ബോർഡ് കേന്ദ്ര സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ കൃഷി വകുപ്പ് പച്ചത്തേങ്ങ ഒരു കിലോയ്ക്ക് 25 രൂപ നിരക്കിൽ സംഭരിക്കുന്നത് തുടരുന്നതാണ്.

നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റി

29 (*298) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റിക്ക് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമീണ മേഖലയിൽ, പൊതുവെ പഞ്ചായത്തുകളിൽ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി എത്തിക്കുക വഴി ഇ-ഗവേണൻസ് കാര്യക്ഷമമാക്കുകയും അതുവഴി ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ കൃത്യസമയത്ത് കാര്യക്ഷമതയോടെ നൽകുവാനും ഗ്രാമ പഞ്ചായത്തുകളിൽ ഇ-ഹെൽത്ത്, ഇ-ഗവേണൻസ്, ഇ-എഡ്യൂക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയുടെ പ്രവർത്തനം സുഗമമാക്കുവാനും സാധിക്കും. ഓപ്റ്റിക്കൽ ഫൈബർ മുഖാന്തരം ബ്രോഡ്ബാന്റ് ലഭ്യമാക്കുന്നതുവഴി അതിവേഗ ഇന്റർനെറ്റ് സംവിധാനം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും തടസ്സം കൂടാതെ ലഭ്യമാക്കുന്നതിനും സമീപ ഭാവിയിൽത്തന്നെ പഞ്ചായത്തുകളുമായി കൂട്ടിച്ചേർത്ത സ്ഥാപനങ്ങളിൽക്കൂടി NOFN ദീർഘിപ്പിക്കുകയും WiFi സാങ്കേതിക വിദ്യ ഉപയോഗിച്ച് ജനങ്ങൾക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാക്കുവാനും സാധിക്കും.

(സി) നാഷണൽ ഓപ്പ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 20-10-2012-ലെ സ.ഉ.(കൈ) നമ്പർ 21/2012/ ഐ.റ്റി.ഡി, പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി എല്ലാ ഗ്രാമ പഞ്ചായത്ത് കാര്യാലയങ്ങളിലും 50 സ്ക്വയർ ഫീറ്റ് സ്ഥലവും 200 w പവറും ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും BBNL അധികൃതർക്ക് സൗജന്യമായി ലഭ്യമാക്കാൻ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഈ പദ്ധതിക്കാവശ്യമുള്ള ഉപകരണങ്ങൾ BBNL സ്ഥാപിച്ചിട്ടുണ്ട്. BBNL, BSNL എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന ഐ.ടി.വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, സംസ്ഥാന ഐ.ടി മിഷൻ, ഇൻഫർമേഷൻ കേരള മിഷൻ (IKM) എന്നിവരുടെ മേൽനോട്ടത്തിൽ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും വിന്യസിക്കുകയും ടെസ്റ്റ് ചെയ്യുകയും ചെയ്തു. ഓപ്പ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റിക്കാവശ്യമായ ഡാറ്റാ പ്ലാൻ ലഭ്യമാക്കുന്നതിനായി BSNL-മായി ചർച്ച നടത്തി വരികയാണ്. കൂടാതെ നാഷണൽ ഓപ്പ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) മായി ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ ത്വരിത ഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

നീരയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

30 (*300) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. റ്റി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ബഹുമുഖമായ ഉപയോഗ സാദ്ധ്യതകൾ പരിഗണിച്ച് അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്ത് തെങ്ങ് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

GPM. 2/244/2020-10

LIBRARY ARCHIVES Kerala Legislative Assembly